A3/90/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - വൈലോപ്പിള്ളി സംസ്കൃതി ഭവന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും മൂന്നാം ഗഡു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.201/2026/CLAD തീയതി,തിരുവനന്തപുരം, 05-03-2026

പരാമർശം:-
1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം.340/2025/സാം.കാ.വ. തീയതി 17.06.2025
3. സ.ഉ.(സാധാ) നം.362/2025/സാം.കാ.വ. തീയതി 27.06.2025
4. സ.ഉ.(സാധാ) നം.492/2025/സാം.കാ.വ. തീയതി 29.08.2025
5. സ.ഉ.(സാധാ) നം.630/2025/സാം.കാ.വ. തീയതി 31.10.2025
6. വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറിയുടെ 04.02.2026 തീയതിയിലെ എം.പി.സി.സി.എസ്സ്/27/അക്കൗണ്ട്സ് /2024-25 നമ്പർ കത്ത്.

**ഉത്തരവ്**

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2025-26 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള "2205-00-102-40-00-36 (പ്ലാൻ)" എന്ന ശീർഷകത്തിലെ പദ്ധതിച്ചെലവ് 1,27,00,000/- രൂപയായി (ഒരു കോടി ഇരുപത്തിയേഴ് ലക്ഷം രൂപ മാത്രം) ആയി നിജപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (3) പ്രകാരം ഒന്നാം ഗഡുവായി 25,40,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**2.** പരാമർശം (4) പ്രകാരം വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ പദ്ധതിവിഹിതം 1,75,00,000/- രൂപയായി (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തി നിർവ്വഹിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (5) പ്രകാരം രണ്ടാം ഗഡുവായി 35,85,000/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (6) കത്ത് പ്രകാരം പദ്ധതിവിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കണമെന്ന് വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള ഘടകങ്ങൾക്ക് മാത്രമേ തുക വിനിയോഗിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി, വൈലോപ്പിള്ളി സംസ്കൃതി ഭവന് 2025-26 സാമ്പത്തിക വർഷം "2205-00-102-40-00-36

(പ്ലാൻ)" എന്ന പദ്ധതി ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 25,00,000/- രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധന പ്രകാരം വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799012700001255 എന്ന പി.എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

5. കൂടാതെ, അടുത്ത സാമ്പത്തികവർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3186101/EDN-D1/148/2025-FIN Dated 24.02.2026)
കരുതൽ ഫയൽ (A3/90/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 05-03-2026 15:13:48